4. ഉപ്പുതറ-വാഗമൺ റോഡ് വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ തുടങ്ങാൻ സാധിച്ചില്ല.

5. തേക്കടിയിലെ ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ പൂർത്തീകരിച്ചു.

പക്ഷിപാതാളം, തുഷാരഗിരി, എടയ്ക്കൽ ഗുഹകൾ എന്നിവ സന്ദർശിക്കുന്നതിനുള്ള സംവിധാനങ്ങൾ

21 [2733] ശ്രീ. സി. പി. മുഹമ്മദ് :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
,, എ. എ. ചന്ദ്രശേഖരൻ :
,, കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ പക്ഷി പാതാളം, തുഷാരഗിരി, എടയ്ക്കൽ ഗുഹകൾ എന്നിവിടങ്ങളിലേക്ക് ടൂറിസ്റ്റുകളെ കൊണ്ടുപോകുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സ്ഥലങ്ങളിലെ വിനോദ സഞ്ചാരപരമായ പ്രാധാന്യത്തെപ്പറ്റി കോഴിക്കോട് എത്തിച്ചേരുന്ന ടൂറിസ്റ്റുകളെ അറിയിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ചെയ്തിട്ടുള്ളതെന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) വയനാട് ജില്ലയിലെ എടയ്ക്കൽ ഗുഹ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ കീഴിൽ വികസിച്ചു വരുന്ന ഒരു വിനോദസഞ്ചാര കേന്ദ്രമാണ്. ടൂറിസം വകുപ്പിന്റെ ധനസഹായത്തോടെ ടി കേന്ദ്രത്തിലേക്കുള്ള റോഡ് 42 ലക്ഷം രൂപ ചെലവിൽ നിർമ്മിച്ചു. ഗുഹയിലേക്ക് സുഗമമായി സഞ്ചാരികൾക്ക് എത്തിച്ചേരുന്നതിന് കൈവരികൾ, സ്റ്റെപ്പുകൾ തുടങ്ങിയവ സ്ഥാപിച്ചു. പ്രായം ഏറിയ ആളുകൾക്ക് ഗുഹയിൽ എത്തിച്ചേരുന്നതിന് പ്രത്യേക ജീപ്പ് സർവ്വീസ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. പക്ഷിപാതാളം ഒരു സാഹസിക വിനോദസഞ്ചാര കേന്ദ്രമാണ്. വനം വകുപ്പിന്റെ കീഴിലുള്ള ടി സ്ഥലത്ത് എത്തിച്ചേരുന്നതിന് 9 കി. മീ. കാൽനട ചെയ്യേണ്ടതുണ്ട്. സാഹസിക വിനോദസഞ്ചാരികളുടെ സൗകര്യാർത്ഥം ടി കേന്ദ്രങ്ങളിലേക്ക് സാഹസിക വിനോദസഞ്ചാര യാത്രകൾ ഡി.ടി.പി.സി. സംഘടിപ്പിച്ചു വരുന്നുണ്ട്. കോഴിക്കോട്

LIBRARY ARCHIVES Kerala Legislative Assembly

ജില്ലയിലെ തുഷാരഗിരി സാഹസിക ടൂറിസത്തിന് പ്രാധാന്യമർഹിക്കുന്ന ഒരു വിനോദസഞ്ചാര കേന്ദ്രമാണ്. കോഴിക്കോട് നഗരത്തിൽ നിന്നും 50 കി. മീ. അകലെ സ്ഥിതി ചെയ്യുന്ന ടി കേന്ദ്രത്തിലേക്ക് പ്രത്യേക യാത്രസൗകര്യങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. കോഴിക്കോട് നിന്നും കോടഞ്ചേരി വരെ ബസ്മാർഗ്ഗവും അവിടെ നിന്ന് സ്വകാര്യ ജീപ്പ് സർവ്വീസും ടി കേന്ദ്രത്തിലേക്ക് നടത്തുന്നുണ്ട്.

(ബി) വയനാട് ജില്ലയുടെ ടൂറിസം പ്രാധാന്യം വ്യക്തമാക്കുന്ന വിശദമായ ബ്രോഷർ തയ്യാറാക്കുകയും ആയത് വിനോദ സഞ്ചാരികൾക്ക് നൽകുന്നതിനായി കോഴിക്കോട് റെയിൽവേ സ്റ്റേഷൻ, ഡി. ടി. പി. സി. ഓഫീസ് എന്നിവിടങ്ങളിൽ നൽകുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട് നിന്നും വയനാട്ടിലേക്ക് കണ്ടക്ടഡ് ടൂർ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വയനാട് ജില്ലയിലെ വിവിധ ടൂറിസം കേന്ദ്രങ്ങളുടെ ചിത്രങ്ങൾ റയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാൻഡ് എന്നിവിടങ്ങളിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ബേപ്പൂരിലെ ഹാർബറും പുലിമുട്ടും ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിക്കാൻ നടപടി

22 [2734] ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂരിലെ ഹാർബറും പുലിമുട്ടും സന്ദർശിക്കുന്നതിനായി ധാരാളം ടൂറിസ്റ്റുകൾ എത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ ഒരു കിലോമീറ്ററോളം ദൂരം കടലിലേക്കു നീണ്ടുകിടക്കുന്ന പുലിമുട്ടിലൂടെ കടൽ കാണാൻ വരുന്ന ടൂറിസ്റ്റുകൾക്ക് അനുഭവപ്പെടുന്ന അസൗകര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തദ്ദേശ ടൂറിസ്റ്റുകൾക്ക് സൗകര്യപ്രദമായി ഇവിടെ സന്ദർശിക്കാനും, വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കാനുംവേണ്ടി തയ്യാറാക്കിയ ജില്ലാ പഞ്ചായത്തിന്റെ ടൂറിസം പ്ലാൻ പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ;

(ഇ) എത്രയും വേഗം പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി—ഇ) പരിശോധിച്ചു വരുന്നു.

2/53/2013—9a.